കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-4 /1947/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –17/11/2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്-2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റുമല ബ്ലോക്ക്പഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ്

പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)എ.ഡി.സി, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-4 /1947/2017തീയതി: 17/11/2017

## കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്ത് 16-02-17 മുതൽ 31-07-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗ്ഗീസ് ജോസഫ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25-10-17 മുതൽ 31-10-17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അജി.കെ.എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അമ്പിളി.ജി, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. വിഷ്ണുപ്രിയ.കെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | സി.സന്തോഷ് | 01-04-16മുതൽ<br>31-03-17 വരെ |
| സെക്രട്ടറി | ശ്രീ.രാജീവ്.ആർ | 01-04-16മുതൽ<br>13-06-16 വരെ |
| | ശ്രീമതി.അജി എബ്രഹാം | 14-06-16മുതൽ<br>19-06-16 വരെ |
| | ശ്രീ.ഇ.അബ്ദുൾസലാം | 20-06-16മുതൽ<br>30-07-16 വരെ |
| | ശ്രീ.എസ്സ്.അശോക് കുമാർ | 01-08-16മുതൽ<br>31-03-17 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീമതി.ജീന.ജി | 01-04-16മുതൽ<br>19-09-16വരെ |
| | ശ്രീമതി.ബീന.എ | 20-09-16മുതൽ<br>08-11-16വരെ |
| | ശ്രീമതി.ബിജിമോൾ.ഇ.ആർ | 09-11-16മുതൽ<br>31-03-17 വരെ |
| കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ, കൃഷി | ശ്രീമതി.റ്റി.എ.കൽപ്പന | 01-04-16മുതൽ<br>31-03-17 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.അരവിന്ദാക്ഷൻ ചെട്ടിയാർ.എം.പി | 01-04-16മുതൽ<br>25-05-16 വരെ |
| | ശ്രീ.ശൈലേഷ്.ഐ.പി | 26-05-16മുതൽ<br>31-03-17 വരെ |

| | | |
|---|---|---|
| ക്ഷീരവികസന<br>ഓഫീസർ,<br>നടുവിലച്ചേരി | ശ്രീമതി.സൂസൻ ഗിൽബർട്ട് | 01-04-16മുതൽ<br>26-07-16 വരെ |
| | ശ്രീമതി.അനീഷാ.എ | 27-07-16മുതൽ<br>31-03-17 വരെ |
| ക്ഷീരവികസന<br>ഓഫീസർ, ചെറുമൂട് | ശ്രീമതി.പ്രസന്നകുമാരി.സി.എസ്സ് | 01-04-16മുതൽ<br>27-07-16 വരെ |
| | ശ്രീമതി.മഞ്ജു.ഒ.ബി | 28-07-16മുതൽ<br>31-03-17 വരെ |
| സി.ഡി.പി.ഒ , ചിറ്റുമല | ശ്രീമതി. രേണുക.ഐ | 01-04-16മുതൽ<br>31-03-17 വരെ |
| സി.ഡി.പി.ഒ , അഞ്ചാലുംമൂട് | ശ്രീമതി.ബീനാകുമാരി | 01-04-16മുതൽ<br>17-07-16വരെ |
| | ശ്രീമതി.രാജലക്ഷ്മി അമ്മ | 18-07-16മുതൽ<br>31-03-17 വരെ |
| സൂപ്രണ്ട്,ഓൾഡേജ് ഹോം,<br>ഇഞ്ചവിള | ശ്രീ. ബി.മോഹനൻ | 01-04-16മുതൽ<br>3-07-16 വരെ |
| | ശ്രീ. സന്തോഷ്.എം | 04-07-16മുതൽ<br>31-03-17 വരെ |
| വെറ്ററിനറി സർജൻ,<br>കാഞ്ഞാവെളി | ശ്രീ. ഷാജി റഹ്മാൻ | 01-04-16മുതൽ<br>31-03-17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

20/05/2016 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 01-03-16 തിയതിയിലെ 1ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-17 | | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 27-10-17 | സർട്ടിഫിക്കറ്റ് റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് |

1. RP 34 ൽ വാടക ഡിപ്പോസിറ്റ് 195000രൂപയ്ക്ക് പകരം 321000രൂപ ഉൾപ്പെടുത്തി

2. RP-15 വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം (എസ്സ്.സി.പി) 550000രൂപ രേഖപ്പെടുത്തിയിട്ടില്ല.

3.സ്ഥിരനിക്ഷേപം നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റിൽ ഇൻവെസ്റ്റ്മെന്റ് ഹെഡിൽപെടുത്തിയിട്ടില്ല.

4. ട്രഷറി സ്പെഷ്യൽ ടി.എസ്സ്.ബി – Joint Venture അക്കൗണ്ടിന്റെ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പണമാകാത്ത ചെക്കുകൾ – 2903836രൂപയും കളക്ഷനാകാത്ത ചെക്കുകൾ 14931293രൂപയും രേഖപ്പെടുത്തിയത് വിശദീകരിച്ചിട്ടില്ല.

5.യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ-SIGN SHG അക്കൗണ്ടിൽ ബാങ്ക് ബുക്ക് പാസ്സ്ബുക്ക് നീക്കിയിരിപ്പ് 5937 രൂപയാണെങ്കിലും റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പണമാകാത്ത ചെക്കുകൾ – 810000 രൂപയും കളക്ഷനാകാത്ത ചെക്കുകൾ 815724 രൂപയും രേഖപ്പെടുത്തിയത് വിശദീകരിച്ചിട്ടില്ല.

6.യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ- (lay-Administration fund) ബാങ്ക് ബുക്ക് പാസ്സ്ബുക്ക് നീക്കിയിരിപ്പ് 5475 രൂപയാണെങ്കിലും റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പണമാകാത്ത ചെക്കുകൾ – 21976897രൂപയും കളക്ഷനാകാത്ത ചെക്കുകൾ 22031655രൂപയും രേഖപ്പെടുത്തിയത് വിശദീകരിച്ചിട്ടില്ല.

7.യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ-(lay-plan fund ) അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം വരവ് വന്നതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ സ്പെഷ്യൽ ടി.എസ്.ബി ജോയിന്റ് വെർച്വർ അക്കൗണ്ടിൽ ആണ് വരവ് വന്നിട്ടുള്ളത്.എന്നാൽ ബാങ്ക് ബുക്കിലെയും പാസ്ബുക്കിലെയും നീക്കിയിരിപ്പ് തുകകൾ 24920824 രൂപയായി രേഖപ്പെടുത്തിയിരിക്കുന്നു.

8)ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ അദർലയബിലിറ്റി ഹെയിൽ 1,67,81,561/-രൂപ കാണിച്ചിരിക്കുന്നു. എന്നാൽ ടി തുക ഐഎവൈ വിഹിതം ഇനത്തിൽ ലഭിച്ച തുകയാണ്. ആയത് ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 43719253

വരവ് - 104729676

ആകെ -148448929

ചെലവ് - 101868295

നീക്കിയിരിപ്പ്- 46580634

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 81 | 48993100 | 70 | 44884435 | 9 | 2 | 86.42 |
| 11 | 5078767 | 6 | 2602637 | 0 | 5 | 54.54 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)പട്ടികജാതിവിഭാഗത്തിൽപ്പെട്ട ശാരിരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് കൃത്രിമകാൽ

2)ഐ.എ.വൈ.(2015-16) പട്ടികജാതി ഗുണഭോക്താക്കൾക്ക് സംസ്ഥാന അധികവിഹിതം

3)ബ്ലോക്ക് പഞ്ചായത്തിൽ ആധുനിക റെക്കോർഡിംഗ് റൂം സ്ഥാപിക്കൽ

4)ചിറ്റുമല ബ്ലോക്ക് ഓഫീസ് നവീകരണം- വൈദ്യുതീകരണം

5)ചിറ്റുമല ബ്ലോക്ക്ഓഫീസിൽ ഇൻവെർട്ടർ ലാൻ സൌകര്യം ഒരുക്കൽ

6)ചിറ്റുമല ബ്ലോക്ക്ഓഫീസിൽസോളാർ പാനൽ സ്ഥാപിക്കൽ

7) ചിറ്റുമല ബ്ലോക്ക്ഓഫീസ് ക്യാബിൻ നവീകരണം

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-10-17ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ തൻദിവസം വരവില്ലായിരുന്ന എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. കടമുറിലേലത്തിന്റെ ലേലഡയറി സൂക്ഷിച്ചിട്ടില്ല. അക്കൗണ്ടുകളുടെ റികൺസിലിയേഷൻ കൃത്യമായി നടത്തുന്നില്ല. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5-06-17 | 2016-17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-03-2016 | 2012-13 മുതൽ 2014-15 വരെ | 20-05-16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഷോപ്പിംഗ് കോംപ്ലക്സ് വാടക- അപാകതകൾ

1.കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സിൽ 22 കടമുറികൾ ഉണ്ട്. ഇവയിൽ 17 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 2/26-10-17ന് ലഭ്യമാക്കിയ മറുപടിയിൽ താഴത്തെ നിലയിലെ ഒരു കടമുറി ഒഴിഞ്ഞുകിടക്കുന്നതായി അറിയിച്ചുണ്ട്. എന്നാൽ മറുപടിയോടൊപ്പം ലഭ്യമാക്കിയ സ്കെച്ചിൽ ഒന്നാം നിലയിലെ റൂം നമ്പർ 3, താഴത്തെ നിലയിലെ റൂം നമ്പർ 14ഉം ഒഴിഞ്ഞു കിടക്കുന്നതായാണ് രേഖപ്പെടുത്തിരിക്കുന്നത്. ഒന്നാം നിലയിലെ റൂം നമ്പർ 3 വാടക ഒടുക്കിയതിന്റെയോ നിലവിൽ ഏതു രീതിയിൽ ഉപയോഗിക്കുന്നു എന്നതു സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.സഹകരണ സംഘങ്ങൾക്ക് വാടകയ്ക്ക് നൽകിയിരുന്ന കടമുറികൾക്ക് ഡിപ്പോസിറ്റ് തുക ഈടാക്കുന്നില്ല

സെക്രട്ടറി ഗ്രാമ്യ, അഞ്ചാലുംമൂട്, സെക്രട്ടറി റൂറൽ സാനിട്ടറി മാർട്ട്IT, സെക്രട്ടറി ജീവനി, സെക്രട്ടറി അഞ്ചാലുംമൂട്ക്ഷീരസഹകരണ സംഘം, സെക്രട്ടറി അമ്മ SHG, സെക്രട്ടറി സീനിയർ സിറ്റിസൺ അസോസിയേഷൻ എന്നിവർക്ക് വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികൾക്ക് ഡിപ്പോസിറ്റ് തുക ഈടാക്കുന്നില്ല 2016-17 വർഷം വരെ നിലവിലുണ്ടായിരുന്ന ബൈലോ പ്രകാരം ഏറ്റവും കൂടുതൽ ഡിപ്പോസിറ്റ് തുക നൽകുന്നവർക്കാണ് കടമുറികൾ വാടകയ്ക്ക് നൽകി വരുന്നത്.എന്നാൽ സഹകരണ സംഘങ്ങളിൽ നിന്നും ഡിപ്പോസിറ്റ് തുക ഈടാക്കാതെയാണ് കടമുറികൾ നൽകിയിരിക്കുന്നത്. ഇവരിൽനിന്നും ഡിപ്പോസിറ്റ് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പാലിയേറ്റീവ് കെയർ കിടപ്പുരോഗികൾക്കായികുണ്ടറ താലൂക്ക് ആശുപത്രിയിൽ പ്രത്യേക വാർഡ് തയ്യാറാക്കൽ , സ്വാസ്ഥ്യംപദ്ധതി ഫലപ്രാപ്തിയിൽ എത്തിയില്ല.

പാലിയേറ്റീവ് കെയർ കിടപ്പുരോഗികൾക്കായികുണ്ടറ താലൂക്ക് ആശുപത്രിയിൽ പ്രത്യേക വാർഡ് തയ്യാറാക്കൽ പദ്ധതിക്കായി (സ്വാസ്ഥ്യം-പ്രോജക്റ്റ് നമ്പർ-S0108/17) ഉപകരണങ്ങൾ വാങ്ങുന്നതിനായി 855185 രൂപ കാരുണ്യ മെഡിക്കൽ സർവീസ് കോർപ്പറേഷന് 31-03-2017ൽ നൽകിയിട്ടുണ്ട് എന്നാൽ വാർഡ് നാളിതുവരെയായിട്ടും പ്രവർത്തിക്കാൻ തുടങ്ങിയിട്ടില്ല. പുതുതായി തയ്യാറാക്കിയ സ്വാസ്ഥ്യം വാർഡിന്റെ പ്രാദേശിക പരിശോധന 30-10-17 തീയതിയിൽ നടത്തുകയുണ്ടായി. സ്വാസ്ഥ്യം വാർഡിനായി നീക്കിവച്ചിരുന്ന മുറി ഇപ്പോൾ കാഴ്ച പരിശോധനയ്ക്കുള്ള മുറിയായി ഉപയോഗിക്കുകയാണ്. ഈ പ്രോജക്റ്റ് പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉപകരണത്തിന്റ പേര് | യൂണിറ്റ് കോസ്റ്റ് | എണ്ണം | ആകെ തുക |
|---|---|---|---|---|
| 1 | Multi parameter monitor | 98025 | 2 | 196050 |
| 2 | Defibrillator with cardiac monitor | 223577 | 1 | 223577 |
| 3 | ICU Coat modelB | 62023 | 3 | 186069 |
| 4 | ICU Coat model C | 114342 | 1 | 114342 |
| 5 | PulseOxymeter | 37884 | 2 | 75768 |
| 6 | Air conditioner 2 Ton | 59379 | 1 | 59379 |

ഇവയിൽ Defibrillator with cardiac monitor മാത്രം ഉപയോഗിക്കുന്നുണ്ട്. ബാക്കിയുള്ളവ കവർ പോലും പൊട്ടിക്കാതെ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. ആവശ്യമായ ഡോക്ടർമാരുടെ അഭാവം, കണ്ടീജന്റ് ജീവനക്കാരുടെ അഭാവം എന്നിവയാണ് വാർഡ് പ്രവർത്തന സജ്ജമാകാത്തതിന്റെ കാരണമായി ആശുപത്രി ജീവനക്കാർ

ചൂണ്ടിക്കാണിക്കുന്നത്. നിലവിൽ HMC നിയമിച്ച രണ്ട്

കണ്ടിജന്റ് ജീവനക്കാരും സർക്കാർ നിയമിച്ച ഒരാളും ആണ് ക്ലീനിംഗ് സ്റ്റാഫുകളായി ആശുപത്രിയിൽ ഉള്ളത്. പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി വാങ്ങിയ ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ പാഴായിപ്പോകാതെ രോഗികൾക്ക് പ്രയോജന-പ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3-2** <u>കൈതാകോടി പാലക്കടവ്-ജയന്തികോളനി റോഡ് സൈഡ് കെട്ട്,കോൺക്രീറ്റിംഗ് അധിക നിരക്ക് അനുവദിച്ചു.-നഷ്ടം-**7,792/-**രൂപ.</u>

പ്രോജക്ട് നം-80-92/16

കരാറുകാരൻ-നവാസ്

എസ്റ്റിമേറ്റ്-980000/-

ടിഎസ് നം -471/aee/ctmc/15-16,19-2-16

2014-ഡി.എസ്.ആർ പ്രകാരം തയ്യാറാക്കിയ എസ്റ്റമേററിൽ (കോസ്റ്റ്ഇൻഡക്സ്-1..419) 20 എം.എം മെറ്റൽ ഉപയോഗിച്ചുള്ള 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് അനുവദിച്ചിട്ടുണ്ട്. ഡി.എസ്.ആർ.കോഡ്-4.1.3

പ്രകാരം 7756.67/-രൂപ അനുവദിക്കുന്നതിനു പകരം കോഡ്-11-7 പ്രകാരം 8172.30/-രൂപ അനുവദിച്ചതിനാൽ താഴെപ്പറയുംവിധം 7792/- രൂപ നഷ്ടമുണ്ടായി.

നല്കാവുന്ന നിരക്ക് /തുക-22.80എം$^3$x7756.67=176852.07/-

നല്കിയ നിരക്ക്/തുക-22.80എം$^3$x8172.07=186328.44/-
വ്യത്യാസം – 9476

അധികം നല്കിയത് – ടെണ്ടർ ഡിഡക്ഷൻ (17.77%) 1684/- രൂപ കിഴിച്ച് 7,792/-രൂപ

17.77% എസ്റ്റിമേറ്റിൽ കുറഞ്ഞ നിരക്കിൽ പ്രവർത്തി ചെയ്യാൻ തയ്യാറായ കരാറുകാരൻ പ്രവർത്തി പൂർത്തീകരിച്ച് തുക കൈപ്പറ്റിയിട്ടുണ്ട്.

ആകെ വർക്ക്മൂല്യം-980385/-

17.77% കുറവ്-174207/-

ബാക്കി-806138/-

ടാക്സ് ആകെ-48368/-

കരാറുകാരൻ-757770/-ബിൽ നം-1/16-17,തീയതി-23-12-16. അധികം നല്കിയ 7,792/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-3** <u>വിനിയോഗവിവരങ്ങൾലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു</u>

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്കായി തുക നൽകിയെങ്കിലും ആയതിന്റെ കൈപ്പറ്റ്, വിനിയോഗവിവരങ്ങൾ

ലഭ്യമല്ല.

| പ്രോജക്ടിന്റെ പേര്, നമ്പർ | ബിൽ നമ്പർ | തുക | തുക കൈപ്പറ്റിയ സ്ഥാപനം | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|
| ഐ.കെ.എമ്മിന് വിഹിതം നൽകൽ (പ്രോജക്ട് നമ്പർ 7/17) | 13/ 24-10-16 | 41987/- | ഐ.കെ.എം | കൈപ്പറ്റ് , വിനിയോഗം എന്നിവ ലഭ്യമാക്കിയില്ല. |
| പാലിയേറ്റീവ് കെയർ -വിഹിതം നൽകൽ | 12/16-17/ 27-3-17 13/16-17/ 27-3-17 33/16-17/ 31-3-17 25/16-17/ 27-3-17 | 2,25,000/- 75,000/- 75,000/- 1,50,000/- | പേരയം ഗ്രാമപഞ്ചായത്ത് കുണ്ടറ, മൺട്രോതുരുത്ത് പെരിനാട് പനയം കിഴക്കേ കല്ലട, പേരയം | വിനിയോഗ വിവരങ്ങൾ ലഭ്യമല്ല |
| കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ (പ്രോജക്ട് നമ്പർ 7/17) | 14/16-17/ 24-11-16 | 5,00,000/- | കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ | വിനിയോഗ വിവരങ്ങൾ ലഭ്യമല്ല |
| ജനറൽ വിഭാഗത്തിൽ പ്പെട്ട ഒ.ഡി.എഫ് ഗുണഭോക്താക്കൾക്ക് ധനസഹായം(പ്രോജക്ട് നമ്പർ 23/17) | 7/21-10-16 | 2,13,000/- | മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് | വിനിയോഗ വിവരങ്ങൾ ലഭ്യമല്ല |
| ജനറൽ വിഭാഗത്തിൽ പ്പെട്ട ഒ.ഡി.എഫ് | 8/21-10-16 | 3,00,000/- | മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് | വിനിയോഗ വിവരങ്ങൾ ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് പ്രത്യേക രൂപകൽപ്പന ചെയ്ത ലാടിന് ധനസഹായം(പ്രോജക്ട് നമ്പർ 30/17) | | | | |
| പട്ടികജാതി വിഭാഗത്തിൽ പ്പെട്ട ഒ.ഡി.എഫ് ഗുണഭോക്താക്കൾക്ക് പ്രത്യേക രൂപകൽപ്പന ചെയ്ത ലാടിന് ധനസഹായം(പ്രോജക്ട് നമ്പർ 28/17) | 9/16-17/ 21-10-16 | 14,00,000/- | മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് | വിനിയോഗ വിവരങ്ങൾ ലഭ്യമല്ല |
| കുന്നതറ പട്ടികജാതി കോളനിയിലേക്കുള്ള കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നമ്പർ | 34/ 31-3-17 | 3,93,000/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ , കേരളാവാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ | വിനിയോഗവിവരങ്ങൾ ലഭ്യമല്ല |

ആയതിനാൽ ഈയിനത്തിൽ ചെലവായ 33,72,987/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 <u>വെറ്റിനറി സർജൻ നിർവഹണം നടത്തിയ പ്രോജക്ടുകൾ രേഖകൾ ലഭ്യമല്ല</u>

വെറ്റിനറി സർജൻ നിർവഹണം നടത്തിയ പ്രേജക്ടുകളിൽ താഴെ പറയും പ്രകാരം ചെലവു നടന്നിട്ടുണ്ട്.

| പ്രോജക്ട് പേര്, നമ്പർ | ചെലവഴിച്ച പ്ലാൻ ഫണ്ട് തുക | ചെലവഴിച്ച ഗുണഭോക്തൃ | വാങ്ങിയ യൂണിറ്റ് |
|---|---|---|---|

| | | വിഹിതം | |
|---|---|---|---|
| ആട് വളർത്തൽ ജനറൽ | 14,25,000/- | 14,25,000/- | 190 |
| ആട് വളർത്തൽ എസ്.സി | 15,79,500/- | 5,32,500/- | 142 |
| പോത്തുകുട്ടി വളർത്തൽ എസ്.സി | 26,00,000/- | 2,88,000/- | 128 |

എന്നാൽ പ്രസ്തുത ചെലവുകളുടെ ഇൻവോയ്സ് ,ബിൽ എന്നിവയുടെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിന്റെ ഗുണഭോക്തൃവിഹിതം തിരികെ വാങ്ങി ചെലവഴിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/31-10-2017ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവായ തുക 78,50,000/-രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങൽ പ്രോജക്ട് -അനുവദനീയമല്ലാത്ത പദ്ധതി നടപ്പാക്കി

പ്രൊഫഷണൽ കോളേജ്ജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 40/17) വികസനഫണ്ട് എസ്.സി.പി. ഫണ്ടിൽ നിന്നും 1,43,750/-രൂപാ (5x28750/-) ഹൈപ്പർടെക് സിസ്റ്റംസ് എന്ന സ്ഥാപനത്തിന് 30-3-2017 തീയതിലെ ബിൽ നമ്പർ പ്രകാരം 12/16-17 പ്രകാരം പിൻവലിച്ച് നൽകി. ആയത് പ്രകാരം വാങ്ങിയ ലാപ്പ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്.ജി.ഒ.(എം.എസ് ) 4/2016തസ്വഭവ തീയതി 11-01-2016 ഖണ്ഡിക 6-8 പ്രകാരം ലാപ്പ് ടോപ്പ് വാങ്ങൽ പദ്ധതി ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ എറ്റെടുത്ത നടക്കാൻ പാടില്ല എന്നിരിക്കെ പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/27-10-2017 ന് മറുപടിയായി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കൾക്ക് അംഗീകരിച്ച പ്രോജക്ട് പ്രകാരം ആണ് തുക ചെലവഴിച്ചിരിക്കുന്നത് എന്ന മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 1,43,750/- രൂപായുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-6 അംഗപരിമിതർക്ക് സൈഡ് വീലോട്ടു കൂടിയ സ്കൂട്ടർ നൽകൽ (ജനറൽ ) രേഖകൾ ഹാജരാക്കിയില്ല

ശിശു വികസന പ്രോജക്ട് ഓഫീസർ ചിറ്റുമല ബ്ലോക്ക് നിർവഹണം നടത്തിയ അംഗപരിമിതർക്ക് സൈഡ് വീലോട്ടു കൂടിയ സ്കൂട്ടർ നൽകൽ (ജനറൽ )എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 36/17) പ്രകാരം സ്കൂട്ടർ വാങ്ങി നൽകിയതിൽ താഴെ പറയുന്ന ആളുകളുടെ ലൈസൻസ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ | പേര്, വിലാസം |
|---|---|

| നമ്പർ | |
|---|---|
| 1 | പത്മനാഭൻ, സന്തോഷ് ഭവനം,ചിറ്റയം |
| 2 | വിജയൻ, വിദ്യാഭവനം, ഇടവട്ടം,പെരിനാട് |
| 3 | നാസറുദ്ദീൻ , പണയിൽ മേലതിൽ ,ഞാറയ്ക്കൽ |
| 4 | മനോജ് കുമാർ .വി, തുണ്ടുവിളവീട്,പേരയം |
| 5 | രാധാകൃഷ്ണപിള്ള, രമ്യാഭവനം, കുഴിയം,ചന്ദനത്തോപ്പ് |
| 6 | പൊടിക്കുട്ടൻ , വിഷ്ണുഭവൻ , ഇടവട്ടം |
| 7 | ജോൺസൺ, പാലക്കടജയന്തി കോളനി |
| 8 | സുരേഷ് , ചരുവിള പുത്തൻവീട് |
| 9 | അലോഷ്യസ്, കല്ലുമല പടിഞ്ഞാറ്റതിൽ |

ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/31-10-2017 ന് മറുപടിയായി ആയത് ലഭ്യമാകുന്ന മുറയ്ക്കു ലഭ്യമാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിന് തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-7 <u>മരുന്നും ഉപകരണങ്ങളും ലഭ്യമായില്ല</u>

സൂപ്രണ്ട്,താലൂക്ക് ആശുപത്രി നിർവഹണംനടത്തിയ വിവിധ പ്രോജക്ടുകളിലേക്കായി മരുന്നും ഉപകരണങ്ങളും വാങ്ങാനായി തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും നാളിതുവരെ ലഭിച്ചിട്ടില്ല.

<u>വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

| പ്രോജക്റ്റ് പേര്, നമ്പർ | നൽകിയ തുക | മരുന്ന് ലഭിച്ചത്/ ഉപകരണങ്ങൾ | ലഭിക്കാനുള്ളത് |
|---|---|---|---|
| പാലിയേറ്റീവ് കെയർ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ | 70000 (45000+ 25000) | 6752- ഡയപ്പർ | 38248 + 25000 |

| | | | |
|---|---|---|---|
| താലൂക്ക് ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | 5,00,000 | 229054/- | 270946/- |
| താലൂക്ക് ആശുപത്രിയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ | 931226 | 65400 | 865826 |

ബാക്കി മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരംലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ. ഓഡിറ്റ് എൻക്വയറി - 7/30-10-17 യ്ക്ക് മറുപടി ലഭ്യമായില്ല. ബാക്കി മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ച് ആയവ ലഭ്യമാക്കേണ്ടതാണ്.

## 3-8 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-315000രൂപ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ നിർവഹണോ- ദ്യോഗസ്ഥനായി നടപ്പാക്കിയ സമഗ്രനെൽകൃഷി വികസനം (പ്രോജക്ട് നമ്പർ-S0048/17), ജൈവപച്ചകൃഷി വികസനം (പ്രോജക്ട് നമ്പർ-S0055/17) എന്നിവയ്ക്കായി വിവിധ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| പദ്ധതി | പഞ്ചായത്തിന്റെ പേര് | നൽകിയ തുക |
|---|---|---|
| സമഗ്ര നെൽകൃഷിവികസനം | തൃക്കരുവ | 33000 |
| ജൈവപച്ചകൃഷി വികസനം | പെരിനാട് | 282000 |

## 3-9 താലൂക്ക് ആശുപത്രിയ്ക്ക് ഉപകരണങ്ങൾ വാങ്ങൽപദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ നാളിതുവരെ പ്രവർത്തനക്ഷമമായില്ല

പ്രോജക്ട് നമ്പർ-S0003/17(അടങ്കൽ തുക-1500000രൂപ) – പ്രകാരം താലൂക്ക് ആശുപത്രിയ്ക്ക് വാങ്ങിയ ഉപകരണങ്ങൾ നാളിതുവരെ പ്രവർത്തനക്ഷമമായില്ല. ടി പദ്ധതി പ്രകാരം കാരുണ്യമെഡിക്കൽ സർവീസ് കോർപ്പറേഷന് 931226രൂപ നൽകുകയും ആയതിൻ പ്രകാരം 65400 രൂപയുടെ ഉപകരണങ്ങൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കാരുണ്യമെഡിക്കൽ സർവീസ് കോർപ്പറേഷനിൽ ലഭ്യമാക്കാത്ത ഉപകരണങ്ങൾക്കായി ടെണ്ടർ ക്ഷണിക്കുകയും മെഡിക്രാഫ്റ്റ്, ശങ്കേഴ്സ് ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിൻ നിന്നും 568774രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗത്തിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങളാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ ഗൈനക്കോളജി വിഭാഗത്തിലെ ഡോക്ടർമാരുടേയും അനസ്തേറ്റിസിന്റേയും അഭാവം

നിമിത്തം ടി ഉപകരണങ്ങൾ ഉപയോഗിക്കാതെ കവറുകളിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. ടി ഉപകരണങ്ങൾ രോഗികൾക്ക് പ്രയോജനപ്രദമാക്കുന്നതിനും ആശുപത്രിയുടെ സേവനം മെച്ചപ്പെടുത്താനായി ഉദ്ദേശിച്ച് നടപ്പിലാക്കിയ പദ്ധതി പൂർണ്ണഫലപ്രാപ്തിയിലെത്തുന്നതിനും വേണ്ടിയുള്ള നടപടികൾ പഞ്ചായത്ത് സമിതി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2016-17 | 3670000 | ഐ.എ.വൈ (2014-15) അധിക സഹായം - എസ്.സി.പി | 0 | 3670000 |
| ഗ്രാമ പഞ്ചായത്ത് | 2016-17 | 318000 | ഐ.എ.വൈ (2015-16) അധിക സഹായം - എസ്.സി.പി | 0 | 318000 |
| ഗ്രാമ പഞ്ചായത്ത് | 2016-17 | 405000 | പി.എം.എ.വൈ (2016-17) അധിക സഹായം - എസ്.സി.പി | 0 | 405000 |
| ഗ്രാമ പഞ്ചായത്ത് | 2016-17 | 48000 | പി.എം.എ.വൈ (2016-17) മൈനോറിറ്റി & ജനറൽ | 0 | 48000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 89000 | പി.എം.എ.വൈ (2016-17) അധിക സഹായം - | 0 | 89000 |

| | | | | | |
|---|---|---|---|---|---|
| | | | എസ്.സി. | | |
| ജില്ലാ പഞ്ചായത്ത് | 2016-17 | 2903836 | പി.എം.എ.വൈ (2016-17) മൈനോറിറ്റി & ജനറൽ | 0 | 2903836 |

**4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

**4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

**4-4** വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

**4-5** സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 723500 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 723500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 126000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 597500 |

**4-6** ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

**4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

**4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 104729676 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101868295 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7792 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12896087 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 7792 | ബിജിമോൾ ,ഇ.ആർ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വട്ടവിള വീട് , വളവു പച്ച പി.ഒ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 3372987 | എസ്.അശോക് കുമാർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-4 | 78,50,000 | ഡോ,ഷാജി റഹ്മാൻ , വെറ്റിനറി സർജൻ |
| 3-5 | 143750 | ശ്രീ.ശൈലേഷ്.ഐ.പി, പട്ടികജാതി വികസന ഓഫീസർ |
| 3-7 | 12,00,020 | ഡോ.ജി.ബാബുലാൽ, സൂപ്രണ്ട് , താലൂക്ക് ആശുപത്രി, കുണ്ടറ |
| 3-8 | 3,15,000 | ശ്രീമതി. റ്റി. എ. കൽപ്പന, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദി കളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിജിമോൾ,ഇ.ആർ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | വട്ടവിള വീട് , വളവു പച്ച പി.ഒ. |

**4-9** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ക്രമ നമ്പർ | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1 | 1997-1998 | LFQ DB.1344(11)/14/23.06.14 |
| 2 | 1998-1999 | LFQ DB.1344(3)/14/23.6.14 |
| 3 | 1999-2000 | LFQ DB.1344(4)/14/23.6.14 |
| 4 | 2000-2001 | LFQ DB.1344(5)/14/23.6.14 |
| 5 | 2001-2002 | LFQ DB.1344(6)/14/23.6.14 |
| 6 | 2002-2003<br>2003-2004 | LFQ DB.1344(7)/14/23.6.14 |
| 7 | 2004-2005<br>2005-2006 | LFQ DB.1344(8)/14/23.6.14 |
| 8 | 2006-2007 | LFQ DB.1344(9)/14/23.6.14 |
| 9 | 2007-2008 | LFQ DB.1344(10)/14/23.6.14 |
| 10 | 2008-2009 | LFQ DB.1344(11)/14/23.6.14 |
| 11 | 2009-2010 | LFQ DB.1344(12)/14/23.6.14 |

| | | |
|---|---|---|
| 12 | 2010-2011 | LFQ DB.1344(13)/14/23.6.14 |
| 13 | 2011-2012 | LFQ DB.840(13)/26.08.13 |
| 14 | 2012-2013<br>2013-2014 | LFQ DB.2630/14/30.06.15 |
| 15 | 2014-2015 | KSA-KLM.DB.47/2017/01.02.2017 |
| 16 | 2015-16 | KSA-KLM.DB.528/2017/01.02.2017 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## 4-10 സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം -പി.4/1947/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –17/11/2017

സാക്ഷ്യപത്രം 2016-17

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചിറ്റുമല ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറ്റുമല ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം